പി എ സൈനുദ്ദീൻ
sainpanachikkal@gmail.com

# സമ്പത്തിനോടും സ്ഥാനമാനങ്ങളോടുമുള്ള ആർത്തി

عَنْ ابْنِ كَعْبِ بْنِ مَالِكٍ الْأَنْصَارِيِّ عَنْ أَبِيهِ قَالَ:قَالَ رَسُولُ اللَّهِ صَلَّى اللَّهُ عَلَيْهِ وَسَلَّمَ : مَا ذِئْبَانِ جَائِعَانِ أُرْسِلَا فِي غَنَمٍ بِأَفْسَدَ لَهَا مِنْ حِرْصِ الْمَرْءِ عَلَى الْمَالِ وَالشَّرَفِ لِدِينِهِ (الترمدي).

**കഅ്ബു ബ്നു മാലിക് തന്റെ പിതാവിൽനിന്ന്: നബി(സ) പറഞ്ഞു: വിശന്നു വലഞ്ഞ രണ്ട് ചെന്നായ്ക്കളെ ഒരാട്ടിൻകൂട്ടത്തിലേക്ക് വിട്ടാൽ ആ ചെന്നായ്ക്കൾ ആട്ടിൻകൂട്ടത്തിനേൽപ്പിക്കുന്നതിനേക്കാൾ ഭീകരമായിരിക്കും സമ്പത്തിനോടും സ്ഥാനമാനങ്ങളോടുമുള്ള ഒരാളുടെ ആസക്തി അയാളുടെ ദീനിനേൽപ്പിക്കുന്ന കെടുതികൾ (തിർമിദി).**

യോഗ്യരായ വ്യക്തിത്വങ്ങൾ ഉത്തരവാദപ്പെട്ട സ്ഥാനങ്ങളിലേക്ക് തെരഞ്ഞെടുക്കപ്പെടുമ്പോഴാണ് സമൂഹം ശരിയായ രീതിയിൽ നയിക്കപ്പെടുക. സമൂഹത്തിന്റെ നിലനിൽപ്പിനാധാരമായ ധനം സമ്പാദിക്കുന്നതും അതിന്റെ ക്രയവിക്രയവും ദൈവഹിതത്തിനനുസരിച്ചാണെങ്കിൽ പ്രോത്സാഹനാജനകമാണ്. വിശ്വാസിയായി ജീവിച്ച് മരിച്ച് വിശ്വാസിയായിതന്നെ പുനരുജ്ജീവിക്കപ്പെടുകയെന്നതാണ് വിശ്വാസിയുടെ ജീവിത ലക്ഷ്യം. മുസ്‌ലിമിന്റെ ജീവിതം ഭൗതിക പ്രാധാന്യമുള്ളതായിത്തുടങ്ങിയാൽ അല്ലാഹുവും റസൂലുമായുള്ള ബന്ധത്തിന് അൽപാൽപമായി ഉലച്ചിൽ തട്ടും. ഒടുവിൽ അയാളുടെ ദീൻ വിശന്നു വലഞ്ഞ ചെന്നായ്ക്കൾ കടിച്ചുകീറിയ ആട്ടിൻപറ്റങ്ങളെ പോലെ പിച്ചിച്ചീന്തപ്പെടുകയും ദുരന്തപൂർണമായ പര്യവസാനത്തിലേക്കെത്തുകയും ചെയ്യുന്നു. വിശന്ന ചെന്നായ്ക്കൾ വയറു നിറക്കാൻ ഒന്നോ രണ്ടോ മൂന്നോ ആടുകളെ കൊന്നു തിന്നുന്നതിനു പകരം, മുഴുവൻ ആടുകളെയും ആക്രമിച്ച് കടിച്ചു കീറുകയാണ് ചെയ്യുക. അതുപോലെ സമ്പത്തിനോടും സ്ഥാനമാനങ്ങളോടുമുള്ള അതിമോഹം ഇസ്‌ലാമിക ജീവിതത്തിന്റെ സകല വശങ്ങളെയും തരിപ്പണമാക്കിക്കളയുന്നു.

'ഐഹിക ജീവിതം വഞ്ചനയുടെ ചരക്കല്ലാതെ മറ്റൊന്നുമല്ല' എന്ന് പരിശുദ്ധ ഖുർആൻ. മനുഷ്യനും ദൈവവുമായുള്ള ബന്ധത്തിൽ കരിനിഴൽ പടർത്തുന്ന പൈശാചിക ശക്തികൾ പലതാണ്. അതിൽ പ്രധാനപ്പെട്ട രണ്ടെണ്ണമാണ് സ്വത്തും സ്ഥാനമാനങ്ങളും.

ധനമോഹം ആദ്യമായി തകർക്കുന്നത് വ്യക്തി, കുടുംബബന്ധങ്ങളെയാണ്. ജനദ്രോഹപരമായ ജീവിതശൈലിയും അല്ലാഹുവിന് ഇബാദത്ത് ചെയ്യാൻ പോലും സമയം ലഭിക്കാത്ത വിധമുള്ള സാമ്പത്തിക ദുർമോഹവും ദീനിൽ ഒന്നും ബാക്കിവെക്കാത്ത വിധം സകല നന്മകളെയും നശിപ്പിച്ചു കളയുന്നു. സമ്പത്തും മിഥ്യാഭിമാനവും പൂജ്യവസ്തുക്കളായി മാറുന്നതിന്റെ ഫലമായി ശുഹ്ഹ് (പിശുക്ക്) അവനിൽ പിടിമുറുക്കും.

നന്മയായാലും തിന്മയായാലും ഒരു വ്യക്തി ഏതു ദിശയിലേക്ക് തിരിയുന്നുവോ അങ്ങോട്ടേക്കുള്ള പ്രയാണം സർവലോക രക്ഷിതാവ് എളുപ്പമാക്കിക്കൊടുക്കും എന്നാണ് പ്രമാണം. സമ്പന്നനായിത്തീർന്നാൽ അടുത്ത ലക്ഷ്യം സമൂഹത്തിൽ അംഗീകാരം നേടിയെടുക്കുക എന്നതായിരിക്കും. സ്ഥാനമാനങ്ങളെ സാമ്പത്തിക നേട്ടത്തിനുള്ള ഉപാധിയാക്കുന്നവരും ഇല്ലാതില്ല. എന്തൊക്കെ നന്മകൾ നഷ്ടപ്പെടുത്തിയാലും സമൂഹം തന്നെ ബഹുമാനിക്കണമെന്ന ത്വര കൊണ്ട് ഒളിഞ്ഞും തെളിഞ്ഞും അതിനുള്ള സാഹചര്യങ്ങളൊരുക്കി ഇസ്‌ലാമികമൂല്യങ്ങളെ ബലി കൊടുക്കുന്നു. അതിന് സഹായിക്കുന്ന അനുയായിവൃന്ദത്തെ തട്ടിക്കൂട്ടുന്നു. ഇസ്‌ലാമിക മൂല്യങ്ങൾ ചവിട്ടിമെതിക്കുന്ന ഇത്തരക്കാരുടെ പരിണതി അല്ലാഹുവിന്റെയും ജനങ്ങളുടെയും വെറുപ്പും ശത്രുതയും ഏറ്റുവാങ്ങലായിരിക്കും. വിചാരണാ നാളിലാകട്ടെ '(ദുൻയാവിലെ) എന്റെ ധനം എനിക്കിവിടെ പ്രയോജനം ചെയ്തില്ല, എന്റെ അധികാരമാകട്ടെ എനിക്ക് നഷ്ടപ്പെട്ടിരിക്കുന്നു' (*അൽഹാഖ* 29) എന്നു വിലപിക്കേണ്ടതായും വരും.

പ്രവാചകന്മാർ തങ്ങളുടെ സമൂഹങ്ങളോട് പ്രഖ്യാപിച്ചിരുന്നത്, 'ഞങ്ങൾ നിങ്ങളിൽനിന്ന് ഒരു വിധത്തിലുള്ള സാമ്പത്തിക സഹായവും ബഹുമതിയും പ്രതീക്ഷിക്കുന്നില്ല' എന്നായിരുന്നു. അധികാരമോഹം രോഗാതുരമാക്കിയ മനസ്സുകളെ പോലെതന്നെ അപകടം പിടിച്ചതാണ് യാദൃച്ഛികമായി ലഭിച്ച സ്ഥാനമാനങ്ങളുമായി ബന്ധപ്പെട്ട് ഉണ്ടായിത്തീരുന്ന അപക്വമായ പെരുമാറ്റങ്ങളും. താനൊരു മഹാസംഭവമാണെന്നും ചോദ്യം ചെയ്യപ്പെടാൻ പാടില്ലാത്ത എന്തോ ആണ് താൻ പറയുന്നതും കൽപ്പിക്കുന്നതുമെന്നും അത് മറ്റുള്ളവർ കേൾക്കാൻ ബാധ്യസ്ഥരാണെന്നും അവർ ധരിച്ചുകളയും. ഇത്തരം ആളുകളെക്കുറിച്ച് ഖുർആൻ പറയുന്നത് ശ്രദ്ധിക്കുക: 'സ്വന്തം ചെയ്തികളിൽ നിഗളിക്കുകയും ചെയ്യാത്ത കാര്യങ്ങളുടെ പേരിൽ സ്തുതിക്കപ്പെടണമെന്നാഗ്രഹിക്കുകയും ചെയ്യുന്നവർ വിജയിച്ചു എന്ന് പ്രവാചകരേ, താങ്കൾ ധരിക്കരുത്' (*ആലുഇംറാൻ* 229). ●